**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1318** **04-07-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ നവീന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തര ടൂറിസം മേഖലയെ നവീന ആശയങ്ങളിലൂടെ എപ്രകാരം കാര്യക്ഷമമാക്കാൻ ലക്ഷ്യമിടുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡിനെ തുടർന്ന് നിരവധി പ്രതിസന്ധികൾ നേരിട്ട കേരളത്തിലെ ടൂറിസം മേഖല ഇപ്പോൾ തിരിച്ച് വരവിന്റെ പാതയിലാണ്. ഈ വർഷം ആദ്യപാദത്തിൽതന്നെ മുൻവർഷങ്ങളെ അപേക്ഷിച്ച് ആഭ്യന്തര വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നവീനമായ ടൂറിസം ഉൽപ്പന്നങ്ങൾ അവതരിപ്പിച്ചും, നിലവിലുള്ള ടൂറിസം ഉൽപ്പന്നങ്ങളെ ഫലപ്രദമായി ഉപയോഗിച്ചും വിനോദസഞ്ചാരികളുടെ എണ്ണം കൂടുതൽ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിനായി എന്തെല്ലാം നവീന ആശയങ്ങൾ ഉൾക്കൊള്ളാനും നവീന പദ്ധതികൾ ആവിഷ്ക്കരിക്കാനും ആയതുവഴി എത്രപേർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്താനും വരുമാന വർദ്ധനവിന്റെ ലഭ്യത എത്രത്തോളമാക്കാനുമാണ് ലക്ഷ്യമിടുന്നത് എന്ന് വിശദമാക്കുമോ; | (ബി) | കോവിഡിന് ശേഷം കേരളത്തിലെ വിനോദസഞ്ചാര മേഖല സജീവമായി വരികയാണ്. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽ തന്നെ മുൻവർഷത്തേക്കാൾ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് മുന്നിൽ കണ്ടുകൊണ്ടുതന്നെ നിരവധിയായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് വകുപ്പ് രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ആക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രൊഡക്ട് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവ്വീസ്, ബേപ്പൂർ റിവർഫെസ്റ്റ്, ചാലിയാർ റിവർഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ് പോലെയുള്ള പദ്ധതികളാണ് ഈ വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കോവിഡിന് ശേഷം കേരളത്തിലെ ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന പരമാവധി ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ആയതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ മേൽ പദ്ധതികളിലൂടെ പരിശോധിച്ചുവരുന്നു.<br><br>കൂടാതെ ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനം സജീവമാക്കി യുവജനങ്ങളുടെ കർമ്മശേഷിയും നവീന ആശയങ്ങളും ടൂറിസം വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | മെഡിക്കൽ ടൂറിസം വികസിപ്പിക്കുന്നതിനും അതുവഴി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | മെഡിക്കൽ ടൂറിസവുമായി ബന്ധപ്പെട്ട് ആയുർവ്വേദത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രചാരണ പരിപാടികളാണ് സർക്കാർ നടപ്പാക്കി വരുന്നത്. കേരളാ ടൂറിസത്തിന് പ്രാതിനിധ്യം ലഭിക്കുന്ന എല്ലാ ദേശീയ/അന്തർദ്ദേശീയ ടൂറിസം ഫെയറുകളിലും ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ ആയുർവ്വേദം പ്രചരിപ്പിച്ച് വരുന്നു. കൂടാതെ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ് സൈറ്റ് എന്നിവയും ആയുർവ്വേദത്തിന്റെ പ്രചാരണത്തിന് ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ